ഭരണഭാഷ - മാതൃഭാഷ

NO TO DRUGS

നം:ഡി5/6/2026/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 03-03-2026
ഇ-മെയിൽ : secret.dge@kerala.gov.in

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം- ജീവനക്കാര്യം- പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികകളിൽ 2026-2027 അദ്ധ്യയന വർഷത്തേയ്ക്കുള്ള പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- പൊതുവിദ്യാഭ്യാസ (ആർ) വകുപ്പിന്റെ 03/11/2025 തീയതിയിലെ ആർ3/425/202 നമ്പർ കത്ത്.

******************

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികയിൽ 2026-27 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഓൺലൈൻ പൊതുസ്ഥലംമാറ്റത്തിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ സംബന്ധിച്ച വിവരം tandp.kite.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. അപേക്ഷകന് ഒരു അപേക്ഷ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുകയുള്ളൂ.

ദീർഘമായ അവധിയിൽ നിൽക്കുന്നവർക്കും അന്യത്രസേവനത്തിൽ തുടരുന്നവർക്കും അപേക്ഷ ഓൺലൈൻ മുഖേന സമർപ്പിക്കുവാൻ സാധിക്കുകയില്ല. 31/03/2026 വരെ എച്ച്.എം./എ.ഇ.ഒ. തസ്തികയിൽ തുടർന്നുവരുന്ന എല്ലാ ഉദ്യോഗസ്ഥർക്കും അപേക്ഷ ഓൺലൈൻ മുഖേന അപേക്ഷ രജിസ്റ്റർ ചെയ്യാവുന്നതാണ്. നിലവിൽ അച്ചടക്കനടപടിയുടെ പ്രാരംഭഘട്ട നടപടിയുടെ ഭാഗമായി 2025-26 വർഷത്തിൽ സ്ഥലംമാറ്റപ്പെട്ട ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റ അപേക്ഷകൾ ഒരു വർഷം പൂർത്തിയായിട്ടില്ലായെങ്കിൽ ഒരു കാരണവശാലും പരിഗണിക്കേണ്ടതില്ല. (ഇത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്) (ഇത്തരത്തിലുള്ള ഉത്തരവിൽ ഇളവുകൾ നൽകിയിട്ടുണ്ടെങ്കിൽ ഈ വ്യവസ്ഥ ബാധകമല്ല).

സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്ന പ്രധാനാധ്യാപകർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അതത് വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ നിന്നും നേരിട്ടോ, ടെലഫോൺ മുഖേനയോ മറ്റ് ഉചിത മാർഗ്ഗേന അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ യൂസർനെയിമും പാസ്‌വേർഡും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാരിൽ നിന്നും വാങ്ങേണ്ടതാണ്. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ അപേക്ഷകർക്ക് യൂസർ നെയിമും താൽക്കാലികമായ ഒരു

പാസ്‌വേർഡും നൽകുന്നതാണ്. പ്രസ്തുത യൂസർനെയിമും പാസ്‌വേർഡും ഉപയോഗിച്ച് tandp.kite.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഓൺലൈൻ മുഖേന രജിസ്ട്രേഷൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

അപേക്ഷ ലഭിച്ചയുടൻ തന്നെ അപേക്ഷകന് ലഭിച്ച പാസ്‌വേർഡ് മാറ്റി പുതുക്കിയ പാസ്‌വേർഡ് നൽകാവുന്നതാണ്. പാസ്‌വേർഡ് രഹസ്യ സ്വഭാവമുള്ളതായിരിക്കണം. ഈ പാസ്‌വേർഡ് ഉപയോഗിച്ചാണ് അപേക്ഷകർ വിശദാംശങ്ങൾ പരിശോധിക്കേണ്ടത്. അപേക്ഷയുടെ ആദ്യഭാഗത്ത് അപേക്ഷകന്റെ വ്യക്തിഗത കാര്യങ്ങളാണ് രജിസ്റ്റർ ചെയ്യേണ്ടത്. അപേക്ഷ പൂർണ്ണമായും പൂരിപ്പിക്കേണ്ടതാണ്. എല്ലാ ഭാഗങ്ങളും രജിസ്റ്റർ ചെയ്യേണ്ടതാണ്. 31/05/2026 തീയതിയിൽ വരെ വിരമിക്കുന്നവർ ഒഴികെയുള്ള എല്ലാ സർക്കാർ ഹൈസ്കൂൾ എച്ച്.എം./എ.ഇ.ഒ. മാർക്കും സ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

<u>ജി.ആർ.എഫ്.ടി.എച്ച്.എസ് സ്കൂളുകളിൽ മൂന്ന് വർഷവും, അതിലധികവും സേവനം അനുഷ്ഠിച്ചു വരുന്ന പ്രധാനാധ്യാപകർ സർക്കാർ നിർദ്ദേശാനുസരണം നിർബന്ധമായും സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ മേൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർ സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഈ നിർദ്ദേശാനുസരണം സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കാത്തതും അപേക്ഷിച്ച ശേഷം സ്ഥലംമാറ്റം ലഭിക്കാത്തതുമായ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ച ഉടൻതന്നെ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഈ കാര്യാലയത്തിൽ രേഖാമൂലവും ഫോൺ മുഖാന്തിരവും അറിയിക്കേണ്ടതാണ്.</u>

<u>മേൽ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥലംമാറ്റം ലഭ്യമാകാതെയുള്ള/ അപേക്ഷ സമർപ്പിക്കാതെയുള്ള ഉദ്യോഗസ്ഥരെ മറ്റൊരു അറിയിപ്പ് കൂടാതെ തന്നെ സംസ്ഥാനത്തിൽ ഓൺലൈൻ സ്ഥലംമാറ്റം മുഖേനെ ഉണ്ടാകുന്ന റിസൾട്ടന്റ് ഒഴിവുകളിലേക്ക് സ്ഥലംമാറ്റിക്കൊണ്ട് സൂചന സർക്കാർ നിർദ്ദേശം പാലിക്കുന്നതായിരിക്കും.</u>

2026 വർഷത്തെ ഓൺലൈൻ സ്ഥലംമാറ്റ നടപടികൾ ആരംഭിച്ചതിനാൽ 2025 വർഷത്തെ ഹയർസെക്കണ്ടറി പ്രിൻസിപ്പൽ സ്ഥാനക്കയറ്റം വഴി നിലവിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് 2026-27 വർഷത്തെ ഓൺലൈൻ പൊതുസ്ഥലംമാറ്റം വഴി ആയിരിക്കും നിയമനങ്ങൾ നടക്കുന്നത് എന്ന വിവരം ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

സർക്കാർ ടി.ടി.ഐ. കളിൽ സേവനമനുഷ്ഠിച്ചു വരുന്ന എച്ച്.എം. കേഡറിലുള്ള പ്രിൻസിപ്പാളുമാർ സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ് (പ്രത്യേക കോടതി അനുമതി ഇല്ലാതെ തുടരുന്ന ഉദ്യോഗസ്ഥർ). എൻ.സി.റ്റി.ഇ. യോഗ്യത നേടാതെ ടി.ടി.ഐ. കളിൽ തുടരുന്ന പ്രിൻസിപ്പാളുമാരെ ഓൺലൈൻ സ്ഥലംമാറ്റത്തിനു ശേഷം ഉണ്ടാകുന്ന റിസൾട്ടന്റ് ഒഴിവുകളിലേക്ക് മറ്റൊരു അറിയിപ്പ് കൂടാതെ സ്ഥലംമാറ്റി നിയമിക്കുന്നതായിരിക്കും. കൂടാതെ എൻ.സി.റ്റി.ഇ. യോഗ്യത ഇല്ലാത്ത ആരും തന്നെ ടി.ടി.ഐ. കളിലേക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളതല്ല. ഈ വിവരം വിദ്യാഭ്യാസ ഉപഡയറക്ടർമാർ വിശദമായി

പരിശോധിച്ച് ഉറപ്പ വരുത്തേണ്ടതാണ്. അപ്രകാരമല്ലാതെയുള്ള അപേക്ഷകൾ നിരസിക്കേണ്ടതുമാണ്.

I. സ്ഥലംമാറ്റത്തിനുള്ള മുഖ്യപരിഗണന പ്രസ്തുത തസ്തികയിലെ സേവനകാല ദൈർഘ്യം (സീനിയോറിറ്റി) ആണ്. തുടർന്നുള്ള ഭാഗങ്ങളിൽ സ്ഥലംമാറ്റത്തിന് <u>പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളെ സംബന്ധിച്ച് താഴെപ്പറയും പ്രകാരം പ്രതിപാദിച്ചിട്ടുണ്ട്</u>.

a. പെൻഷന് 1 വർഷം സർവ്വീസ് ബാക്കിയുള്ളവർക്ക് സ്വന്തം താൽപര്യ പ്രകാരം സ്ഥലംമാറ്റം മുൻഗണനാക്രമത്തിൽ നൽകുന്നതാണ്.
b. താഴെപ്പറയുന്ന കാര്യങ്ങളിൽ അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലംമാറ്റം നൽകുന്നതാണ്.

i. പ്രധാനാധ്യാപക/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽപ്പെട്ടവർക്ക് ഗുരുതരമായ രോഗം (ക്യാൻസർ, ഹൃദ്രോഗം, പക്ഷാഘാതം എന്നിവയും കരൾ, വൃക്ക എന്നിവ ദാനം ചെയ്തവർ, അവയവം മാറ്റി വയ്ക്കലിന് വിധേയമായവർ) അപകടംമൂലം സ്ഥിരമായ ശാരീരിക അവശത സംഭവിക്കുകയും ആയതുമൂലം മറ്റുള്ളവരുടെ സഹായം ആവശ്യമുള്ളവർ.
ii. പ്രധാനാധ്യാപക/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽപ്പെട്ടവരുടെ ഭാര്യ/ഭർത്താവ്, മക്കൾ, മാതാവ്, പിതാവ് എന്നിവർക്ക് ഗുരുതരമായ രോഗങ്ങൾ പിടിപെടുകയും പ്രധാനാധ്യാപക / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവരുടെ സാമീപ്യം അനിവാര്യമാകുകയും ചെയ്യുന്ന അവസ്ഥ സ്ഥലംമാറ്റത്തിന് പ്രത്യേക മുൻഗണന (പ്രഥമ ഗണനീയമോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗങ്ങൾ) അർഹിക്കുന്ന വിഭാഗങ്ങളെ പ്രതിപാദിച്ച് സർക്കാർ കാലാകാലങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. അത്തരം വിഭാഗത്തിൽ ഉൾപ്പെടുന്ന വളരെ കൂടുതൽ അപേക്ഷകൾ ഒരേ സ്ഥലത്തേയ്ക്കു മാറ്റം ആവശ്യപ്പെടുന്ന സന്ദർഭത്തിൽ താഴെ കൊടുത്തിട്ടുള്ള ക്രമപ്രകാരം അപേക്ഷകൾ പരിഗണിക്കുന്നതാണ്.

1. പട്ടികജാതി/പട്ടികവർഗ്ഗം
2. അന്ധരായ ജീവനക്കാർ
3. അംഗ വൈകല്യമുള്ളവർ
4. മൂകരും ബധിരരുമായ ജീവനക്കാർ
5. സെറിബ്രൽ പാൾസി ഉൾപ്പെടെയുള്ള ചലനവൈകല്യം, ഭേദപ്പെട്ട കുഷ്ഠം, അസാധാരണമായ പൊക്കക്കുറവ്, ആസിഡ് ആക്രമണത്തിന് വിധേയരായവർ, പേശി സംബന്ധമായ അസുഖമുള്ളവർ, ടൈപ്പ്-1 പ്രമേഹ ബാധിതരായവർ (Locomotor disability including cerebral palsy, cured leprosy, dwarfism, acid attack victim, muscular dystrophy and those suffering from Type-1 diabetic).

6. മാനസിക പ്രശ്നമുള്ളവർ
7. ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ/ബുദ്ധിമാന്ദ്യമുള്ള സഹോദരങ്ങളെ പൂർണ്ണമായും സംരക്ഷിക്കുന്ന ജീവനക്കാർ
8. ഓട്ടിസം/സെറിബ്രൽ പാൾസി/ടൈപ്പ്-1 പ്രമേഹ ബാധിതരായ കുട്ടികളുടെ മാതാപിതാക്കൾ
9. 50% ന് മുകളിൽ വികലാംഗത്വമുള്ള കുട്ടികളുടെ മാതാപിതാക്കൾ
10. ബധിരരും മൂകരുമായ കുട്ടികളുടെ മാതാപിതാക്കൾ

    (ക്രമ നം. 6,7,8,9,10 എന്നിവ പ്രകാരമുള്ള അപേക്ഷയോടൊപ്പം മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് നിർബന്ധമില്ല. ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് മാത്രം വിദ്യാഭ്യാസ ഉപഡയറക്ടർ പരിശോധിച്ചാൽ മതിയാകും.)

11. യുദ്ധത്തിൽ മരണപ്പെട്ട സൈനികന്റെ ആശ്രിതർ (ഭാര്യ/ഭർത്താവ്/ അച്ഛൻ/അമ്മ).
12. സ്വാതന്ത്ര്യസമരസേനാനിയെ സംരക്ഷിക്കുന്ന മകൻ/മകൾ
13. വിധവകൾ/വിഭാര്യർ/പുനർവിവാഹം ചെയ്യാത്ത വിവാഹമോചിതർ
14. മിശ്രവിവാഹിതർ
15. നിയമപരമായി കുട്ടികളെ ദത്തെടുത്തിട്ടുള്ള ജീവനക്കാർ
16. അംഗീകൃത സർവ്വീസ് സംഘടനകളുടെ സംസ്ഥാന പ്രസിഡന്റ് അല്ലെങ്കിൽ ജനറൽ സെക്രട്ടറി
17. സൈനിക സേവനം പൂർത്തിയാക്കിയ ജീവനക്കാർ
18. സർവ്വീസിലുള്ള ജവാന്റെ ബന്ധു (ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ)
19. അർദ്ധ സൈനിക വിഭാഗം ദേശീയ അന്വേഷണ ഏജൻസി എന്നിവയിൽ നിലവിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരുടെ ഭാര്യ/ഭർത്താവ്/ അച്ഛൻ/അമ്മ/മകൻ/മകൾ
20. പ്രവാസി കേരളീയരുടെ ഭർത്താവ്/ഭാര്യ

**മുൻഗണനാക്രമം**

II.

1. സർവ്വീസിൽ നിന്നും വിരമിക്കുന്നതിന് ഒരു വർഷം മാത്രം അവശേഷിക്കുന്ന എല്ലാവർക്കും ആദ്യ മുൻഗണന (നിജപ്പെടുത്താതെ) നൽകുന്നതാണ്.
2. അനുകമ്പാർഹമായ കാരണത്താൽ സ്ഥലംമാറ്റം ലഭിക്കുന്നവർക്ക് മുൻഗണന ലഭിക്കുന്നതാണ്. പ്രസ്തുത സ്ഥലംമാറ്റം അതാത് കാറ്റഗറിയിലേക്ക് നടക്കുന്ന ആകെ സ്ഥലംമാറ്റത്തിന്റെ/സ്ഥലംമാറ്റുന്നതിന് വേണ്ടിയുള്ള ഒഴിവുകളുടെ ആകെ എണ്ണം (ഇതിൽ ഏതാണോ കൂടുതൽ) അതിന്റെ 1 0 % ആയി നിജപ്പെടുത്തുന്നു. അനുകമ്പാർഹമായ കാരണത്താൽ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നവർ ആയത് തെളിയിക്കുന്നതിലേക്കായി മെഡിക്കൽ സർട്ടിഫിക്കറ്റിനോടൊപ്പം മെഡിക്കൽബോർഡ് ചേർന്ന് നൽകുന്ന സർട്ടിഫിക്കറ്റ്

നിർബന്ധമായും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുൻപാകെ ഹാജരാക്കേണ്ടതും, മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് പരിശോധിച്ച് ഉറപ്പ് വരുത്തിയശേഷം മാത്രം അപേക്ഷകരെ അനുകമ്പാർഹതയിൽ ഉൾപ്പെടുത്തുവാൻ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും കൃത്യമായ ശ്രദ്ധ പുലർത്തേണ്ടതുമാണ്. ആയവയുടെ ഒരു പകർപ്പ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്, ആവശ്യപ്പെടുന്ന അവസരങ്ങളിൽ ആയത് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. ഭിന്നശേഷിയില്ലുള്ള കുട്ടികളുടെ മാതാപിതാക്കൾ സമർപ്പിക്കുന്ന അപേക്ഷയിലെ അനുകമ്പാർഹത പരിഗണിക്കുന്നതിനായി മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല, ഡിസിബിലിറ്റി സർട്ടിഫിക്കറ്റ് മാത്രം പരിശോധിച്ചാൽ മതിയാകും. മറ്റുള്ള അപേക്ഷകളിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്ത ഒരു അപേക്ഷയും അനുകമ്പാർഹതയ്ക്കായി പരിഗണിക്കേണ്ടതില്ല.

3. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളിൽ ഉൾപ്പെട്ടവർക്ക് മൂന്നു മുതൽ മുൻഗണന ലഭിക്കുന്നതാണ്. പ്രസ്തുത സ്ഥലംമാറ്റം അതാത് കാറ്റഗറികളിലെ സ്ഥലംമാറ്റത്തിന്റെ/സ്ഥലംമാറ്റത്തിന് വേണ്ടിയുള്ള ഒഴിവുകളുടെ (അതിൽ ഏതാണ് കൂടുതൽ) 20% നുള്ളിൽ നിജപ്പെടുത്തുന്നതാണ്. പ്രസ്തുത പരിഗണന വിഭാഗത്തിൽ അപേക്ഷിക്കുന്നവർ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുമ്പാകെ ഹാജരാക്കേണ്ടതാണ്.
4. സംസ്ഥാനത്ത് ഭാഷാന്യൂനപക്ഷ (തമഴ്/കന്നട) സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. ന്യൂനപക്ഷം സംരക്ഷണത്തിന്റെ ഭാഗമായി ഭാഷാ ന്യൂനപക്ഷത്തിനായി (തമിഴ്/കന്നട) സംവരണം ചെയ്തിട്ടുള്ള ടി സ്കൂളുകളിൽ ഒഴിവുള്ള എച്ച്.എം/എ.ഇ.ഒ. സമാന തസ്തികയിൽ പൊതുസ്ഥലംമാറ്റത്തിന് അതാത് ഭാഷയിൽ യോഗ്യതയുള്ള (1 മുതൽ 10-ആം ക്ലാസ്സ് വരെയുള്ള പഠനം അതാത് ഭാഷയിൽ) ജനറൽ വിഭാഗത്തിൽപെട്ട എച്ച്.എം./എ.ഇ.ഒ. സമാന തസ്തികയിൽപ്പെട്ടവർ മാത്രമേ അപേക്ഷിക്കാവൂ. ഇപ്രകാരമല്ലാതെയുള്ള അപേക്ഷകൾ പരിശോധിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർമാർ നിരസിക്കേണ്ടതാണ്.
5. പരാമർശം(1 ) പ്രകാരം ടീച്ചർ ട്രെയിനിംഗ് സ്ഥാപനത്തിലേക്ക് അപേക്ഷിക്കുന്നവർക്ക് എൻ.സി.റ്റി.ഇ. മാനദണ്ഡ പ്രകാരമുള്ളവർ മാത്രമേ അപേക്ഷിക്കുവാൻ പാടുള്ളൂ. മാത്രവുമല്ല നിലവിൽ യോഗ്യത ഇല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥർ ടി.ടി.ഐ. കളിൽ സേവനമനുഷ്ഠിക്കുന്നെങ്കിൽ ഇത്തരക്കാർ കർശനമായി സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. (കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകമായി നിയമനം നേടിയിട്ടുള്ളവർ ഒഴികെ). ഈ വിഷയം വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
6. സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ

അധികാരപരിധിയിലുണ്ടായിരുന്ന ഹൈസ്കൂളുകളിലെ (പഞ്ചായത്ത് സ്കൂളുകളിലെ) ജനറൽ കാറ്റഗറിയിലുള്ള പ്രധാനാധ്യാപകർക്ക് (കോമൺപൂൾ വഴി അല്ലാതെ നിയമനം നേടിയിട്ടുള്ളവർ) ജനറൽ വിഭാഗം വിദ്യാലയത്തിലേയ്ക്ക്/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലേക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഇത്തരം വിദ്യാലയങ്ങളിലേക്ക് ജനറൽ കാറ്റഗറിയിൽപ്പെട്ട പ്രധാനാധ്യാപകർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കാൻ പാടുള്ളതല്ല. കൂടാതെ കോമൺപൂൾ വഴി നിയമനം നേടുകയും പ്രധമാധ്യാപക തസ്തികയിൽ തുടരുകയും ചെയ്യുന്ന ഉദ്യോഗസ്ഥർ ഒരു കാരണവശാലും ജനറൽ വിഭാഗം ഹൈസ്കൂളുകളിലേക്കോ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിലേക്കോ സ്ഥലംമാറ്റത്തിനായി അപേക്ഷസമർപ്പിക്കുവാൻ പാടുള്ളതല്ല. ഇത്തരം നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന അച്ചടക്കനടപടികൾ ഈ ഉദ്യോഗസ്ഥർക്കെതിരായി സ്വീകരിക്കുന്നതായിരിക്കും, ഇതുസംബന്ധിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർമാർ അപേക്ഷകൾ കർശനനിരീക്ഷണം നടത്തേണ്ടതും ഇത്തരം അപേക്ഷകൾ ഓൺലൈനിൽ തന്നെ നിരസിക്കേണ്ടതുമാണ്.

7. പ്രധമാധ്യാപക/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികകളിൽ നിന്നും യോഗ്യതയുടെ അഭാവത്തിൽ തരംതാഴ്ത്തപ്പെടുകയും, കോടതി വിധിന്യായ ത്തിന്റെ അടിസ്ഥാനത്തിൽ തരംതാഴ്ത്തൽ ഉത്തരവുകളിൽ നടപ്പിൽ വരാതെ വ്യവഹാരം നടന്നുകൊണ്ടിരിക്കുന്നതുമായ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളതല്ല. ഇപ്രകാരമുള്ള അപേക്ഷകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധനാവേളയിൽ തന്നെ ഈ ഖണ്ഡിക ശ്രദ്ധയിൽപ്പെടുത്തി നിരസിക്കേണ്ടതാണ്.

III. അപേക്ഷയുടെ അവസാന ഭാഗങ്ങളിൽ സ്ഥലംമാറ്റം ലഭിക്കേണ്ട സ്ഥാപനത്തിലെ വിവരങ്ങളാണ് നൽകേണ്ടത്. സ്ഥലംമാറ്റം ആഗ്രഹിക്കുന്ന പരമാവധി 20 സ്ഥാപനങ്ങളുടെ പേര് മുൻഗണനാ ക്രമത്തിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. 21-ാം മത്തേത് ഒരു വിദ്യാഭ്യാസജില്ല തെരഞ്ഞെടുക്കാവുന്നതാണ്. 31.03.2026, 30.04.2026, 31/05/2026, 30/06/2026 എന്നീ തീയതികളിൽ ഉണ്ടാകുന്ന ഒഴിവുകളെ സംബന്ധിച്ച വിവരം വെബ്സൈറ്റിൽ ലഭ്യമാണ്. ഒരു സ്ഥാപനത്തിൽ ഇപ്പോൾ നിലവിലുള്ള സ്ഥലംമാറ്റം വഴിയും, വിരമിക്കൽ മൂലവും ഉണ്ടാകുന്ന ഒഴിവുകളിലേക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസ്/ഹയർസെക്കന്ററി പ്രിൻസിപ്പൽ തസ്തികയിലേക്കുമുള്ള സ്ഥാനക്കയറ്റം വഴി (2025-26, 2026-27) ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകളിലേക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

IV. നൽകിയ വിവരങ്ങൾ പൂർണ്ണമായും പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമേ അപേക്ഷ കൺഫോം ചെയ്യുവാൻ പാടുള്ളൂ. അപേക്ഷ സമർപ്പിക്കുന്നതിന് അനുവദിച്ചിട്ടുള്ള കാലയളവിൽ അപേക്ഷകന് തന്റെ അപേക്ഷയിന്മേൽ ആവശ്യമെങ്കിൽ മാറ്റം വരുത്താവുന്നതാണ്. സമയ പരിധി കഴിഞ്ഞ് വരുന്ന അപേക്ഷകൾ /മറ്റു മാനുവൽ



File No. DGE/6/2026-D5 (Computer No. 1725851)
Generated from eOffice by PREMJITH.R.P, D5 DGE, D5 DGE, DIRECTORATE OF GENERAL EDUCATION on 04/03/2026 12:07 AM

അപേക്ഷകൾ എന്നിവ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

V. <u>പ്രിന്റ് ഔട്ട് എടുത്തശേഷം അപേക്ഷകൻ നിർബന്ധമായും Log Out ചെയ്തിരിക്കണം. അപേക്ഷ പൂരിപ്പിച്ച സമയത്ത് ലഭിച്ച Application ID യും അപേക്ഷകൻ നൽകിയ പാസ്‌വേർഡും സൂക്ഷിച്ച് വയ്ക്കേണ്ടതാണ്. വീണ്ടും പ്രിന്റ് എടുക്കുന്നതിനും തുടർന്നുവരുന്ന സ്ഥലംമാറ്റ വിവരങ്ങൾ അറിയുന്നതിനും/ഹയർ ഓപ്ഷൻ അപേക്ഷ സമർപ്പിക്കുന്നതിനും Application ID യും പാസ്‌വേർഡും അത്യന്താപേക്ഷിതമാണ്.</u>

VI. അപേക്ഷകൻ ഓൺലൈൻ ആയി സമർപ്പിക്കുന്ന അപേക്ഷയുടെ പ്രിന്റ് ഔട്ട് ഒപ്പിട്ടതിനുശേഷം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. **<u>സ്ഥലംമാറ്റത്തിന് അനുകമ്പാർഹമായ സാഹചര്യം/പ്രത്യേക പരിഗണന എന്നിവ ലഭിക്കേണ്ട വിഭാഗക്കാർ ആയത് തെളിയിക്കുന്നതിനുള്ള ആധികാരിക രേഖയുടെ പകർപ്പും അപേക്ഷയോടൊപ്പം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്.</u>** വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ആവശ്യമെങ്കിൽ ഈ രേഖകളുടെ അസൽ പകർപ്പ് വാങ്ങി പരിശോധിക്കാവുന്നതാണ്. അത്തരം ആധികാരിക രേഖകൾ ഹാജരാക്കാത്ത അപേക്ഷകൾ പ്രത്യേക പരിഗണന ലഭിക്കുന്ന വിഭാഗത്തിൽപ്പെടുത്തേണ്ടതില്ല.

VII. <u>ടി സർക്കുലറിലെ വ്യവസ്ഥകളിൽ ആവശ്യഘട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്</u>.

VIII. അപേക്ഷയുടെ പ്രിന്റ് ഔട്ട്-ന്റെ ശരിപകർപ്പും ആധികാരിക രേഖകളും 01/04/2026 തീയതിക്കോ അതിന് മുൻപോ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. ഓൺലൈനിലൂടെ അല്ലാതെയുള്ള ഒരു അപേക്ഷയും പരിഗണിക്കുന്നതല്ല. നിശ്ചിത തീയതിക്ക് ശേഷം ലഭിച്ചിട്ടുള്ള ഒരു അപേക്ഷയും ജനറൽ ട്രാൻസ്ഫറിന് പരിഗണിക്കുന്നതല്ല. **<u>സ്ഥലംമാറ്റ അപേക്ഷ സമർപ്പിച്ച ശേഷം സ്ഥലംമാറ്റം ലഭിച്ചാൽ അത് റദ്ദാക്കുവാൻ സാധിക്കുകയില്ല, കൂടാതെ ലോവർ ഒപ്ഷനിലേക്ക് പോകുവാനും സാധിക്കുകയില്ല</u>** എന്നാൽ സ്ഥലംമാറ്റം ലഭിച്ച സ്ഥലത്ത് ലഭിച്ച സ്ഥലത്ത് ഏതെങ്കിലും കാരണവശാൽ തസ്തിക ഒഴിവ് ഇല്ലാത്ത സാഹചര്യം ഉണ്ടാവുകയാണെങ്കിൽ പ്രസ്തുത സ്ഥലമാറ്റം റദ്ദ് ചെയ്യാനുള്ള പൂർണ്ണ അധികാരം വിദ്യാഭ്യാസ ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.

IX. സ്ഥലംമാറ്റം ലഭ്യമായ എല്ലാ പ്രധാനാധ്യാപകരും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഇവരുടെ പെൻ നമ്പരും പുതിയ കാര്യാലത്തിലെ ഒരു ജീവനക്കാരന്റെ പെൻ നമ്പരും **സ്പാർക്ക് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിനായി ഈ കാര്യാലയത്തിലെ K വിഭാഗത്തിലേക്ക് 0471 2580566 എന്ന നമ്പരിൽ വിളിച്ച് ലഭ്യമാക്കേണ്ടതാണ്.**

X. ഓൺലൈൻ സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കുവാൻ യോഗ്യത നേടിയിട്ടുള്ളവർക്ക് (അതായത് അപേക്ഷ സമർപ്പിച്ചുകൊണ്ടുള്ള പരിപത്രം പുറപ്പെടുവിക്കുന്ന തീയതി വരെയുള്ള കാലയളവിൽ പ്രധമാധ്യാപക/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/തത്തുല്യ തസ്തികയിലുള്ള ഉദ്യോഗസ്ഥർ) മാനുവലായി മറ്റു സ്ഥലംമാറ്റങ്ങൾ അനുവദിക്കുന്നതല്ല. **(അച്ചടക്ക**

**നടപടിയുടെ ഭാഗമായോ, വ്യക്തമായ സർക്കാർ നിർദേശപ്രകാരമോ, ഭരണപരമായ സൗകര്യാർത്ഥമോ അല്ലാതെ സ്ഥലംമാറ്റം അനുവദിക്കുന്നതല്ല.)**

XI. ഭാഷാന്യൂനപക്ഷ വിദ്യാലയങ്ങളിലേയ്ക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രസ്തുത സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കാൻ വേണ്ട യോഗ്യതകൾ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇപ്രകാരമല്ലാതെ ജനറൽ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥർ ഭാഷാന്യൂനപക്ഷസ്ഥാപനങ്ങളിലേയ്ക്ക് അപേക്ഷ സമർപ്പിച്ച് സ്ഥലംമാറ്റം ലഭ്യമാകുകയാണെങ്കിൽ മറ്റൊരു അറിയിപ്പ് കൂടാതെ തന്നെ ഓൺലൈൻ സ്ഥലംമാറ്റം വഴി നിലവിൽ വന്ന ഒഴിവുകളിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുന്നതായിരിക്കും. (ഈ മാനദണ്ഡം പഞ്ചായത്ത് സ്കൂളുകളിൽ അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗസ്ഥർക്ക് കോമൺപൂളിൽ ഉൾപ്പെട്ട് പഞ്ചായത്ത് സ്കൂളുകളിൽ നിയമനം നേടിയ ഉദ്യോഗസ്ഥർക്കും ബാധകമായിരിക്കുന്നതാണ്.) ഇപ്രകാരമുള്ള ഉദ്യോഗസ്ഥർക്ക് നിബന്ധനകൾക്ക് വിധേയമാകാത്തവിധം സ്ഥലംമാറ്റം ലഭ്യമായിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഈ കാര്യാലയത്തെ സമയബന്ധിതമായി ബോധ്യപ്പെടുത്തേണ്ടതാണ്.

**<u>വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കുള്ള നിർദ്ദേശങ്ങൾ</u>**

പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ-പ്രധാനാധ്യാപകർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികയിൽ ജോലി നോക്കുന്നവർ 2026-27 അദ്ധ്യയന വർഷത്തേക്ക് പൊതുസ്ഥലംമാറ്റത്തിന് ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സംബന്ധിച്ച വിവരം <u>tandp.kite.kerala.gov.in</u> എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

- നിലവിൽ സ്ഥാനക്കയറ്റം ലഭിച്ച് സേവനമനുഷ്ഠിച്ച് വരുന്ന എല്ലാ പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ് (കോമൺപൂളിൽ ഉൾപ്പെട്ട് സ്ഥാനക്കയറ്റം ലഭ്യമായവർ ഒഴികെ).
- അപേക്ഷകന് ഒരു അപേക്ഷ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുകയുള്ളൂ.
- ദീർഘമായ അവധിയിൽ നിൽക്കുന്നവർക്കും അന്യത്ര സേവനത്തിൽ തുടരുന്നവർക്കും അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയില്ല.
- സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരപരിധിയിലുണ്ടായിരുന്ന വിദ്യാലയങ്ങളിലേയ്ക്ക് (പഞ്ചായത്ത് സ്കൂളുകളിലേക്ക്) ജനറൽ കാറ്റഗറിയിലുള്ള പ്രധാനാധ്യാപകർക്ക് അപേക്ഷ സമർപ്പിക്കാൻ സാധ്യമല്ല. എന്നാൽ പഞ്ചായത്ത് സ്കൂളുകളിൽ സേവനമനുഷ്ഠിക്കുന്ന ജനറൽ വിഭാഗം ജീവനക്കാർക്ക് ജനറൽ വിഭാഗം സ്കൂളുകളിലേയ്ക്കും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികകളിലേയ്ക്കും സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- ഓൺലൈൻ സ്ഥലംമാറ്റം കൂടുതൽ പ്രായോഗികമാക്കുന്നതിനായി എല്ലാ വിദ്യാഭ്യാസ

ഉപഡയറക്ടറുടെ കാര്യാലയത്തിലും password നൽകുന്നതാണ്. സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർക്ക് യൂസർനെയിമും പാസ്‌വേർഡും വിദ്യാഭ്യാസ ഉപഡയറക്ടർ നൽകേണ്ടതാണ്. അപേക്ഷകർ പ്രസ്തുത യൂസർനാമവും പാസ്‌വേർഡും ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

- 2026-27 അദ്ധ്യയന വർഷത്തിൽ ഉണ്ടാകുന്ന ഒഴിവുകളിൽ സ്ഥലംമാറ്റത്തിനായി ഈ ഒരു അപേക്ഷ മാത്രമേ പരിഗണിക്കുകയുള്ളൂ. അപേക്ഷകൻ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയുടെ ശരിപകർപ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ സൂക്ഷിക്കേണ്ടതാണ്. ടീച്ചർ ട്രെയിനിംഗ് സ്ഥാപനത്തിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നവർക്ക് എൻ.സി.റ്റി.ഇ. നിഷ്കർഷിക്കുന്ന യോഗ്യത ഉണ്ടെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
- വിദ്യാഭ്യാസ ഉപഡയറക്ടറുടെ അധികാര പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകൾ ഓൺലൈൻ വഴി സൂക്ഷ്മ പരിശോധന നടത്തേണ്ടതാണ്. പരിശോധിക്കപ്പെട്ട അപേക്ഷകൾ പരിഗണനാർഹമായതും പ്രത്യേക പരിഗണനാർഹമായതും പരിഗണനാർഹമല്ലാത്തതുമായ അപേക്ഷകൾ പ്രത്യേകം വേർതിരിച്ച് വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിമാർക്സ് സഹിതം ഓൺലൈൻ മുഖേന സമർപ്പിക്കേണ്ടതാണ്.
- അച്ചടക്ക നടപടികളുടെ പ്രാരംഭ നടപടിയുടെ ഭാഗമായി 2025-26 വർഷം സ്ഥലംമാറ്റപ്പെട്ട എച്ച്.എം./എ.ഇ.ഒ.മാർ ഒരു കാരണവശാലും സ്ഥലംമാറ്റത്തിനായി അപേക്ഷിക്കാൻ പാടില്ല. (ഇത്തരത്തിലുള്ള ഉത്തരവിൽ ഇളവുകൾ നൽകിയിട്ടുണ്ടെങ്കിൽ ഈ വ്യവസ്ഥ ബാധകമല്ല). ഇത്തരം അപേക്ഷകൾ ഓൺലൈനിൽ തന്നെ നിരസിക്കേണ്ടതും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഇത്തരക്കാരിൽ നിന്നും രേഖാമൂലം വിശദീകരണം ആവശ്യപ്പെടേണ്ടതും ആവശ്യമെങ്കിൽ ചെയ്യേണ്ടതുമാണ്. അനന്തര നടപടികൾക്കായി ഈ കാര്യാലയത്തിലേക്ക് ശിപാർശ ചെയ്യേണ്ടതുമാണ്.
- 31/03/2026, 30/04/2026, 31/05/2026, 30/06/2026 എന്നീ തീയതികളിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും ജില്ലയിൽ ഇപ്പോൾ നിലനിൽക്കുന്ന മറ്റ് ഒഴിവുകളും (ലീവ് വേക്കൻസികൾ ഒഴികെ) നിർദ്ദിഷ്ട ഫോമിൽ വെബ്സൈറ്റിൽ 25/03/2026-നോ അതിന് മുൻപോ തന്നെ അപ്‌ലോഡ് ചെയ്യേണ്ടതാണ്. തമിഴ് മീഡിയം, കന്നട മീഡിയം തുടങ്ങി ന്യൂനപക്ഷ സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ ഒഴിവുകൾ കൂടി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇത്തരം ഒഴിവുകളിലേക്ക് ജനറൽ വിഭാഗത്തിൽപെട്ട എച്ച്.എം/എ.ഇ.ഒ സമാന തസ്തികയിലുള്ളവർ അപേക്ഷ സമർപ്പിക്കുമ്പോൾ ടി അധ്യാപകർ ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ തമിഴ്/കന്നട ഭാഷയിൽ പഠനം പൂർത്തീകരിച്ചിട്ടുള്ളവരാണോ എന്നും ഭാഷാ ന്യൂനപക്ഷ വിദ്യാലയത്തിൽ സേവനമനുഷ്ഠിക്കുവാൻ യോഗ്യത നേടിയിട്ടുണ്ടോയെന്നും പരിശോധിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പാക്കേണ്ടതാണ്. ഇതോടൊപ്പം ഒഴിവുകളുടെ കൃത്യതയും

വിദ്യാഭ്യാസ ഉപഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്. വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്ത ഒഴിവുകളുടെ വിശദാംശത്തിന്റെ പ്രിന്റ് ഔട്ട് അതാത് ഓഫീസിൽ സൂക്ഷിക്കേണ്ടതും ആയതിന്റെ പകർപ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ആവശ്യപ്പെടുന്ന മുറയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

- നിലവിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുള്ള പ്രഥമാധ്യാപക/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ സ്ഥലംമാറ്റത്തിനായുള്ള അപേക്ഷകൾ ഓൺലൈൻ സ്ഥലംമാറ്റത്തിനായുള്ള നടപടികൾ ആരംഭിച്ചതിനാൽ പുനഃപരിശോധിക്കുന്നതോ സ്ഥലംമാറ്റത്തിനായി പരിഗണിക്കുന്നതോ അല്ല.
- ഓൺലൈൻ സ്ഥലംമാറ്റം ലഭ്യമായിട്ടുള്ള ഉദ്യോഗസ്ഥർക്ക് ഒരു കാരണവശാലും ആയത് റദ്ദ് ചെയ്ത് നൽകുന്നതല്ല.

| | | |
|---|---|---|
| 1 | വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഓരോ ജില്ലയിലേയും ഒഴിവുകളുടെ വ്യക്തമായ കണക്ക് (ഇപ്പോൾ നിലവിൽ ഉള്ളതും 30/06/2026 വരെ ഉണ്ടാകാൻ സാധ്യതയുള്ളതുമായ പ്രഥമാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ഒഴിവ് വിവരം) ലീവ് വേക്കൻസി ഒഴികെ ഉള്ളത് നിശ്ചിത മാതൃകയിൽ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ട അവസാന തീയതി | 25/03/2026 |
| 2 | എച്ച്.എം./എ.ഇ.ഒ. മാർക്ക് അപേക്ഷ സമർപ്പിക്കുവാനുള്ള തീയതി | 26/03/2026 to 31/03/2026 |
| 3 | വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ അപേക്ഷ പരിശോധിക്കുന്നതിനനുവദിച്ച സമയം (പരിഗണനാർഹമായ അപേക്ഷകളും സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന അർഹിക്കുന്ന അപേക്ഷകളും പരിഗണനാർഹമല്ലാത്ത അപേക്ഷകളും തരംതിരിക്കേണ്ടതാണ്. പരിഗണനാർഹമല്ലാത്ത അപേക്ഷകളുണ്ടെങ്കിൽ വ്യക്തമാക്കേണ്ടതാണ്.) | 01/04/2026 to 06/04/2026 |
| 4 | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ നിന്നും അപേക്ഷകർക്ക് റാങ്ക് അനുവദിച്ച് നൽകുന്നതിനുള്ള തീയതി | 07/04/2026 to 14/04/2026 |
| 5 | താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 17/04/2026 |
| 6 | താൽക്കാലിക ഉത്തരവിന്മേൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിലേക്ക് ആക്ഷേപം സമർപ്പിക്കാനുള്ള അവസാന തീയതി | 22/04/2026 |
| 7 | ആക്ഷേപം പരിശോധിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർമാർ വിശദമായ റിപ്പോർട്ട് സഹിതം സമർപ്പിക്കേണ്ട അവസാന തീയതി (ഇ-മെയിൽ മുഖാന്തിരം ലഭ്യമാക്കിയ ശേഷം 8644992255 എന്ന ഫോൺ നമ്പരിൽ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്). | 25/04/2026 |

| | | |
|---|---|---|
| 8 | അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | സംസ്ഥാന നിയമസഭയില േക്കുള്ള പൊതു തെരഞ്ഞെടുപ്പിനോടനുബന്ധിച്ച മാതൃക ാ പെരുമാറ്റ ചട്ടങ്ങൾക്ക് വിധേയമായി പ്രസിദ്ധീകരിക്കുന്നതാണ്. |
| 9 | ഉത്തരവ് പ്രാബല്യത്തിൽ വരുന്ന തീയതി | |

സ്ഥലംമാറ്റത്തിന് അനുകമ്പാർഹമായ സാഹചര്യം/പ്രത്യേകം പരിഗണന എന്നിവ ലഭിക്കുന്നതിലേയ്ക്ക് അപേക്ഷകളിൽ ആയത് പരിഗണിക്കുന്നതിനുള്ള ആധികാരികമായ രേഖകൾ സൂക്ഷ്മപരിശോധന നടത്തി കൃത്യത ഉറപ്പവരുത്തേണ്ടതാണ്. നിരസിക്കപ്പെടുന്ന അപേക്ഷയുടെ കാരണം കൂടി വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച എല്ലാ രേഖകളും അപേക്ഷയോടൊപ്പം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതാണ്. 2026-27 അദ്ധ്യായന വർഷത്തെ പൊതുസ്ഥലംമാറ്റം സമയബന്ധിതമായി നടത്തുന്നതിനുള്ള ചാർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

- സംസ്ഥാനത്തെ ഭാഷാ ന്യൂനപക്ഷ (തമിഴ്/കന്നട) ഓഫീസ്/സ്കൂളുകളുടെ ലിസ്റ്റ് സംബന്ധിച്ച അനുബന്ധം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

Digitally signed by
Minimol D
Date: 03-03-2026
22:53:05

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
(ഗവ അഡീഷണൽ സെക്രട്ടറി)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (എല്ലാ ജില്ലാ /ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഗവ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർക്കും ഈ സർക്കുലർ സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്)
2. വൈസ്ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ കൈറ്റ് പൂജപ്പുര (സമയബന്ധിതമായി ഓൺ ലൈൻ സ്ഥലംമാറ്റ സൈറ്റിൽ ആവ്യമായ ക്രമപ്പെടുത്തലുകൾ നടത്തേണ്ടതാണ്)
3. എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും

പകർപ്പ്

1. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

2. എല്ലാ സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർക്കും
3. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

**അനുബന്ധം**

**സംസ്ഥാനത്തെ ഭാഷാന്യൂനപക്ഷ (തമിഴ്/കന്നട) ഓഫീസ്/സ്കൂളുകളുടെ ലിസ്റ്റ്**

| നം. | ഓഫീസ്/സ്കൂളുകളുടെ പേര് | ജില്ല | ഭാഷ |
|---|---|---|---|
| 1. | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് കാസറഗോഡ് | കാസറഗോഡ് | കന്നട |
| 2. | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, മഞ്ചേശ്വരം | കാസറഗോഡ് | കന്നട |
| 3. | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കുമ്പള | കാസറഗോഡ് | കന്നട |
| 4. | ജി.എച്ച്.എസ്.എസ്. കുണ്ടംകുഴി | കാസറഗോഡ് | കന്നട |
| 5. | ജി.എച്ച്.എസ്.എസ്. അംഗടിമൊഗർ | കാസറഗോഡ് | കന്നട |
| 6. | ജി.വി.എച്ച്.എസ്.എസ്. ദേലമ്പാടി | കാസറഗോഡ് | കന്നട |
| 7. | ജി.എച്ച്.എസ്.എസ്. ഉദ്യാവർ | കാസറഗോഡ് | കന്നട |
| 8. | ജി.വി.എച്ച്.എസ്.എസ്. കാറഡുക്ക | കാസറഗോഡ് | കന്നട |
| 9. | ജി.എച്ച്.എസ്.എസ്. എടനീർ | കാസറഗോഡ് | കന്നട |
| 10. | ജി.എച്ച്.എസ്.എസ്. മംഗൽപാടി | കാസറഗോഡ് | കന്നട |
| 11. | ജി.എച്ച്.എസ്. പെർഡാല | കാസറഗോഡ് | കന്നട |
| 12. | ജി.എച്ച്.എസ്.എസ്. കുമ്പള | കാസറഗോഡ് | കന്നട |
| 13. | ജി.എച്ച്.എസ്.എസ്. ചന്ദ്രഗിരി | കാസറഗോഡ് | കന്നട |
| 14. | ജി.എച്ച്.എസ്.എസ്. ഷിറിയ | കാസറഗോഡ് | കന്നട |
| 15. | ജി.എച്ച്.എസ്.എസ്. അഡൂർ | കാസറഗോഡ് | കന്നട |
| 16. | ജി.എച്ച്.എസ്.എസ്. മൂഡംബയർ | കാസറഗോഡ് | കന്നട |
| 17. | ജി.എച്ച്.എസ്.എസ്. ബേക്കൂർ | കാസറഗോഡ് | കന്നട |
| 18. | ജി.എച്ച്.എസ്.എസ്. ബെള്ളൂർ | കാസറഗോഡ് | കന്നട |
| 19. | ജി.എച്ച്.എസ്.എസ്. ബങ്കരമഞ്ചേശ്വർ | കാസറഗോഡ് | കന്നട |
| 20. | ജി.എച്ച്.എസ്.എസ്. പാണ്ടി | കാസറഗോഡ് | കന്നട |
| 21. | ജി.എച്ച്.എസ്.എസ്. പഡ്രെ | കാസറഗോഡ് | കന്നട |
| 22. | ജി.എച്ച്.എസ്.എസ്. ബന്തടുക്ക | കാസറഗോഡ് | കന്നട |
| 23. | ജി.എച്ച്.എസ്.എസ്. ആദ്ദൂർ | കാസറഗോഡ് | കന്നട |
| 24. | ജി.എച്ച്.എസ്.എസ്. പൈവളികെ നഗർ | കാസറഗോഡ് | കന്നട |
| 25. | ജി.എച്ച്.എസ്.എസ്. സൂരംബയൽ | കാസറഗോഡ് | കന്നട |
| 26. | ജി.എച്ച്.എസ്.എസ്. ഫോർ ഗേൾസ് കാസർഗോഡ് | കാസറഗോഡ് | കന്നട |
| 27. | ജി.എച്ച്.എസ്.എസ്. പൈവാളികെ | കാസറഗോഡ് | കന്നട |
| 28. | ജി.എച്ച്.എസ്.എസ്. കാസറഗോഡ് | കാസറഗോഡ് | കന്നട |
| 29. | ജി.എച്ച്.എസ്.എസ്. മൊഗ്രാൽ പുത്തൂർ | കാസറഗോഡ് | കന്നട |
| 30. | ജി.വി.എച്ച്.എസ്.എസ്. കുഞ്ചത്തൂർ | കാസറഗോഡ് | കന്നട |
| 31. | ജി.എച്ച്.എസ്.എസ്. കടമ്പാർ | കാസറഗോഡ് | കന്നട |
| 32. | ജി.വി.എച്ച്.എസ്.എസ്. മുള്ളേരിയ | കാസറഗോഡ് | കന്നട |
| 33. | ജി.എച്ച്.എസ്.എസ്. ഉപ്പള | കാസറഗോഡ് | കന്നട |
| 34. | ഗവ.തമിഴ് എച്ച്.എസ്.എസ്. ചാല | തിരുവനന്തപുരം | തമിഴ് |
| 35. | ഗവ.എച്ച്.എസ്. കുവക്കാട് | കൊല്ലം | തമിഴ് |
| 36. | ഗവ.എച്ച്.എസ്. മറയൂർ | ഇടുക്കി | തമിഴ് |
| 37 | | | |

| | | | |
|---|---|---|---|
| 37. | ഗവ.എച്ച്.എസ്. ദേവികുളം | ഇടുക്കി | തമിഴ് |
| 38. | ഗവ.വി.എച്ച്.എസ്. മൂന്നാർ | ഇടുക്കി | തമിഴ് |
| 39. | ഗവ.തമിഴ് എച്ച്.എസ്. ചെണ്ടുവരൈ | ഇടുക്കി | തമിഴ് |
| 40. | ഗവ.തമിഴ് എച്ച്.എസ്. വാഗുവരൈ | ഇടുക്കി | തമിഴ് |
| 41. | ഗവ.തമിഴ് എച്ച്.എസ്. ഗുഡർലെ | ഇടുക്കി | തമിഴ് |
| 42. | ഗവ.എച്ച്.എസ്. സോത്തുപാറ | ഇടുക്കി | തമിഴ് |
| 43. | ഗവ.എച്ച്.എസ്. വട്ടവട | ഇടുക്കി | തമിഴ് |
| 44. | ഗവ.എച്ച്.എസ്. ചിന്നക്കനാൽ (ആർ.എം.എസ്.എ.) | ഇടുക്കി | തമിഴ് |
| 45. | ഗവ.എച്ച്.എസ്. എല്ലപ്പെട്ടി (ആർ.എം.എസ്.എ.) | ഇടുക്കി | തമിഴ് |
| 46. | ഗവ.എച്ച്.എസ്. വഞ്ചിവയൽ (ആർ.എം.എസ്.എ.) | ഇടുക്കി | തമിഴ് |
| 47. | ഗവ.എച്ച്.എസ്. പാമ്പനാർ (ആർ.എം.എസ്.എ.) | ഇടുക്കി | തമിഴ് |
| 48. | ഗവ.എച്ച്.എസ്. ഉടുമ്പൻചോല (ആർ.എം.എസ്.എ.) | ഇടുക്കി | തമിഴ് |
| 49. | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, മൂന്നാർ | ഇടുക്കി | തമിഴ് |
| 50. | ഗവ.വി.എച്ച്.എസ്.എസ്. കുമളി | ഇടുക്കി | തമിഴ് |
| 51. | ഗവ.എച്ച്.എസ്. പാറത്തോട് | ഇടുക്കി | തമിഴ് |
| 52. | ജി.എച്ച്.എസ്. അണക്കര | ഇടുക്കി | തമിഴ് |
| 53. | ഗവ.എച്ച്.എസ്. മീനാക്ഷിപുരം | പാലക്കാട് | തമിഴ് |
| 54. | ഗവ.എച്ച്.എസ്. കോഴിപ്പാറ | പാലക്കാട് | തമിഴ് |
| 55. | ഭഗവതി ജി.എച്ച്.എസ്. വണ്ണാമട | പാലക്കാട് | തമിഴ് |
| 56. | ജി.റ്റി.എച്ച്.എസ്. മട്ടത്തുകാട് | പാലക്കാട് | തമിഴ് |
| 57. | ജി.എച്ച്.എസ്. അഗളി | പാലക്കാട് | തമിഴ് |

മുകളിൽ പറയുന്ന തമിഴ് മീഡിയം, കന്നട മീഡിയം, ന്യൂനപക്ഷ സ്കൂളുകളിൽ ജനറൽ വിഭാഗത്തിൽപ്പെട്ട എച്ച്.എം./എ.ഇ.ഒ. സമാന തസ്തികയിലുള്ളവർ അപേക്ഷിക്കുമ്പോൾ ടി അധ്യാപകർ സ്റ്റാന്റേർഡ് I മുതൽ X വരെയുള്ള ക്ലാസ്സുകളിൽ തമിഴ്/കന്നട ഭാഷയിൽ പഠനം പൂർത്തീകരിച്ചിട്ടുള്ളവരായിരിക്കണം. ആയത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ നിർബന്ധമായും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.